# അദ്ധ്യായം - 6



*ഗുരു കരസ്പർശത്തിന്റെ ശക്തി - രാമനവമി ഉൽസവം - അതിന്റെ ഉത്ഭവവും ഭേദഗതികൾ മുതലായതും - മസ്ജിദിന്റെ കേടുപാടുതീർക്കൽ.*

## ഗുരുകരസ്പർശത്തിന്റെ ശക്തി

യഥാർത്ഥ സദ്ഗുരു നമ്മെ നയിക്കുന്നെങ്കിൽ ഗുരു തീർച്ചയായും എളുപ്പം സംസാരസാഗരം കടത്തിവിടും. സദ്ഗുരു എന്ന പദം സായിബാബയെ ഓർമ്മിപ്പിക്കുന്നു. ബാബ മുന്നിൽനിന്നു ഉധി നെറ്റിയിൽ തൊടുവിച്ച് കയ്യ് അനുഗ്രഹരൂപേണ തലയിൽവെക്കുന്നതായി ഞാൻ വിഭാവനം ചെയ്യുന്നു. ഹൃദയം സന്തുഷ്ടമായി പ്രേമം ബാഷ്പരൂപേണ എന്റെ കണ്ണിൽനിന്നു ഒഴുകുന്നു. ചിന്തകൊണ്ടും ആശകൊണ്ടും നിർമ്മിതമായ സൂക്ഷ്മശരീരം അഗ്നിയാൽ ദഹിപ്പിക്കാവതല്ലെങ്കിലും ഗുരുകരസ്പർശമാത്രേണ ദഹിച്ചുപോകുന്നതോടെ, മുജ്ജന്മങ്ങളിലെ പാപങ്ങൾപോലും നിശ്ശേഷം നശിച്ചുപോകുന്നു. ദൈവീകവും മതപരവുമായ വാക്യങ്ങൾ കേൾക്കുമ്പോൾ വിരോധം തോന്നുന്നവർകൂടി ശാന്തിയെ പ്രാപിക്കുന്നു. സായിബാബയുടെ സുന്ദരരൂപദർശനം കൊണ്ട് സന്തോഷത്താൽ തൊണ്ടയിടറുകയും ആനന്ദാശ്രുവാൽ കണ്ണു

നിറയുകയും വികാരാവേശത്താൽ ഹൃദയം നിറയുകയും ചെയ്യു ന്നു. അത് തത്വമസി, അഹംബ്രഹ്മാസ്മി മുതലായ ബോധങ്ങൾ നമ്മിൽ വളർത്തി ഞാൻ, - നീ, അത് - ഇത് മുതലായ ഭേദങ്ങൾ നശിപ്പിച്ചു ബ്രഹ്മത്തോട് ചേർത്ത് ആത്മജ്ഞാനം കൈ വരു ത്തുന്നു. ശാസ്ത്രപുരാണങ്ങൾ വായിക്കുമ്പോൾ സദ്ഗുരുപദം എന്നിൽ സായിബാബയെക്കുറിച്ചുള്ള ഓർമ്മ വളർത്തി ബാബ രാമനും കൃഷ്ണനും ഒക്കെയായി ആ ജീവിതത്തിൽ ശ്രദ്ധിക്കാൻ പ്രേരണ നൽകുന്നു. ഉദാഹരണമായി ഞാൻ ഭാഗവതപാരായണം ശ്രദ്ധിക്കുമ്പോൾ സായി പാദാദികേശം കൃഷ്ണനായി മാറി ബാബ തന്നെ ഭാഗവതവും, ഉദ്ധവഗീതയും പാടി കേൾപ്പിക്കു ന്നതായും ഭക്തന്മാർ അതിൽനിന്ന് നേട്ടങ്ങൾ നേടുന്നതായും അനുഭവപ്പെടുന്നു. എന്തിന്, വെറും തമാശ പറയുമ്പോൾപോലും സായി സ്മരണയുണ്ടായി അനുയോജ്യങ്ങളായ അനവധി ഉദാ ഹരണങ്ങൾ സംഭാഷണ മദ്ധ്യത്തിൽ ചേർക്കാൻ സാദ്ധ്യമാവു ന്നു. ഞാൻ സ്വന്തമായി എന്തെങ്കിലും എഴുതാൻ തുടങ്ങിയാൽ എനിക്ക് ഒന്നും കഴിയുന്നില്ലെങ്കിലും സായിനാഥന്റെ പ്രചോദന ത്തിലെഴുതാൻ തുടങ്ങുമ്പോൾ യാതൊരിട തടസ്സവുമില്ലാതെയും അവസാനമില്ലാതെയും എഴുതികൊണ്ടേ ഇരിക്കാൻ സാദ്ധ്യമാ വുന്നു. ശിഷ്യന്റെ അഹംഭാവം തലപൊക്കുമ്പോൾ ബാബ സ്വഹ സ്തങ്ങളെക്കൊണ്ട് പിടിച്ചമർത്തി ബാബയുടെ ശക്തി പ്രദാനം ചെയ്ത് ബാബയുടെ ഉദ്ദേശാനുസരണം പ്രവർത്തിപ്പിച്ച് അനു ഗ്രഹിക്കുന്നു. ഏതെങ്കിലുമൊരാൾ സായിയെ സാഷ്ടാംഗം പ്രണ മിച്ച് ആത്മസമർപ്പണം ചെയ്യുന്നുവോ ചോദിക്കാതെ തന്നെ ജീവിതത്തിന്റെ സർവ്വോപാധികളും അതായത് ധർമ്മാർത്ഥകാ മമോക്ഷങ്ങൾ അയാൾക്ക് കൈവരുന്നു. കർമ്മം, ജ്ഞാനം, യോഗം, ഭക്തി എന്നീ 4 പ്രധാനമാർഗ്ഗങ്ങൾ പ്രത്യേകം പ്രത്യേ




കമായി നമ്മെ ദൈവത്തിലെത്തിക്കുന്നു. ഇതിൽ ഭക്തിമാർഗ്ഗം പ്രയാസവും കഷ്ടപ്പാടുകളും മുള്ളും കുണ്ടും കുഴികളും നിറഞ്ഞതുമാണ്. എന്നാൽ സദ്ഗുരുവിൽ വിശ്വസിച്ച് പുറപ്പെട്ടാൽ മുള്ളും കുണ്ടും കുഴിയും ഒഴിവാക്കി നേരെ പ്രാപ്യ സ്ഥാനത്തെത്തിച്ച് തരും. അത് സായിബാബ ഉറപ്പ് പറഞ്ഞതാണ്.

ബ്രഹ്മനെ സംബന്ധിച്ച് പ്രതിപാദിച്ചശേഷം മായകൊണ്ട് ലോകം സൃഷ്ടിച്ചതും സൃഷ്ടിച്ച ലോകത്തെപ്പറ്റിയും പ്രതിപാദിച്ച് ഇത് മൂന്നും ഒന്നുംതന്നെ എന്ന് സമർത്ഥിച്ച് ബാബ ഉറപ്പു കൊടുക്കുന്ന വാക്കുകളെ ഇപ്രകാരം ഉദ്ധരിക്കുന്നു.
യാതൊരു ഭക്തന്റെ ഗൃഹത്തിലും അന്നവസ്ത്രാദികൾക്ക് യാതൊരു ക്ഷാമവും നേരിടുന്നതല്ല. എന്നിൽ മനസ്സുറപ്പിച്ച് എന്നെ ആരാധിക്കുന്ന ഭക്തന്റെ എല്ലാ ക്ഷേമകാര്യങ്ങളും പ്രത്യേകം ശ്രദ്ധിച്ച് നേടികൊടുക്കുക എന്നത് എന്റെ പ്രത്യേക ചുമതലയാണ്. ഭഗവാൻ കൃഷ്ണനും ഇതുതന്നെ പറഞ്ഞു. യോഗക്ഷേമം വഹാമ്യഹം എന്ന്. നിങ്ങൾക്കെന്തെങ്കിലും വേണമെങ്കിൽ അഹന്തയും ആത്മാഭിമാനവും ഉപേക്ഷിച്ച് ദൈവത്തോട് ചോദിച്ചുവാങ്ങുവിൻ. ഭക്ഷണവസ്ത്രങ്ങൾക്കുവേണ്ടി കഷ്ടപ്പെടേണ്ടതില്ല. ലോകത്തിലുള്ള സ്ഥാനമാനങ്ങളിൽ സമൂഢരാവാതിരിക്കുവിൻ. ഇഷ്ടദേവതയുടെ രൂപം മനസ്സിൽ സ്ഥിരപ്രതിഷ്ഠ ചെയ്യുവിൻ. എല്ലാ ഉപാധികളും അന്തഃകരണവും ഭഗവാനെ ആരാധിക്കുന്നതിൽ നിയുക്തമാവട്ടെ. മറ്റൊന്നിലും തല്പരരാവരുത്. മനസ്സ് എന്നെ ഓർക്കുന്നതിൽ സദാ ഉറപ്പിച്ചു നിർത്തുവിൻ. എന്നാൽ അത് ശരീരം, ധനം, ഗൃഹം എന്നിവയിലേക്ക് അലിഞ്ഞുപോവില്ല. അന്നേരം മനസ്സ് ശാന്തവും സമാധാനപരവും ഭയരഹിതവുമായിത്തീരും. ഇതാണ് സൽഗുണമുള്ള മന

സ്ഥിതിയുടെ അടയാളം. മനസ്സ് ചഞ്ചലമാണെങ്കിൽ പരിപൂർണ്ണമായി ലയിച്ചതാവാൻ സാദ്ധ്യമാവില്ല.

## ഇത്രയും പറഞ്ഞ് ഷിർദ്ദിയിലെ രാമനവമി ഉത്സവത്തെപ്പറ്റി പ്രതിപാദിക്കുന്നു.

**തുടക്കം:-**

ഗോപാൽറാവുഗുണ്ട് എന്നൊരാൾ കോപ്പർഗോവോണിൽ സർക്കിൾ ഇൻസ്പെക്ടറായിരുന്നു. അയാൾ ബാബയുടെ ഒരു വലിയ ഭക്തനായിരുന്നു. അയാൾക്ക് മൂന്നു ഭാര്യമാരുണ്ടായിരുന്നു. പക്ഷെ സന്താനങ്ങളുണ്ടായിരുന്നില്ല. സായിബാബയുടെ അനുഗ്രഹംകൊണ്ട് അയാൾക്ക് ഒരു മകനുണ്ടായി. ആ സന്തോഷത്തിൽ 1897-ൽ ഒരു ഉത്സവം നടത്താനുള്ള ആഗ്രഹം അയാൾക്കുണ്ടായി. ഈ ഉദ്ദേശം ഷിർദ്ദിയിലെ പ്രധാന ഭക്തന്മാരായ താത്ത്യാപട്ടേൽ, ദാദാകോട്ടെ പാട്ടേൽ, മാധവറാവ്ദേശ്പാണ്ഡേ അഥവാ ശ്യാമ എന്നിവർ മുമ്പാകെ വെച്ചു. അവർ അത് അംഗീകരിച്ച് ബാബയുടെ അനുഗ്രഹവും അനുവാദവും വാങ്ങി. പിന്നെ കലക്ടറുടെ അനുവാദത്തിനപേക്ഷിച്ചപ്പോൾ അംശം ഉദ്യോഗസ്ഥൻ എതിരായി റിപ്പോർട്ട് ചെയ്തതിനാൽ അനുമതി നിഷേധിക്കപ്പെട്ടു. പക്ഷെ സായിബാബ അനുഗ്രഹിച്ച കാര്യമായതിനാൽ വീണ്ടും പരിശ്രമിച്ചപ്പോൾ കലക്ടറുടെ അനുമതിയും കിട്ടി. ഉത്സവം ബാബയോടാലോചിച്ച് രാമനവമിനാളിൽ നടത്താൻ നിശ്ചയിച്ചു. ബാബക്ക് ഇതിൽ ഒരു പ്രത്യേക ഉദ്ദേശമുണ്ടായിരുന്നു. ഹിന്ദു-മുസ്ലീം ഐക്യം സൃഷ്ടിച്ച് ഹിന്ദുക്കളുടെ രാമനവമിയും മുസ്ലീംകളുടെ ഉറൂസ് ആയ ചന്ദനക്കുടം എഴുന്നള്ളിപ്പും ഒന്നിച്ച് നടത്തിച്ച് സമുദായമൈത്രി സ്ഥാപിക്കലായിരുന്നു ആ ഉദ്ദേശം. ഭാവിയിൽ അത് നടക്കുകയും ചെയ്തു.

അനുവാദം സിദ്ധിച്ചെങ്കിലും മറ്റു വിഷമങ്ങൾ ഉണ്ടായിത്തുടങ്ങി. ഷിർദ്ദിഗ്രാമത്തിൽ ജലക്ഷാമമുണ്ടായിരുന്നു. ആകെ





ഗ്രാമത്തിൽ 2 കിണറെയുള്ളു. ഒന്നിലെ ഉപയോഗിക്കാവുന്ന വെള്ളം വറ്റി. മറ്റേതിലെ വെള്ളം ഉപ്പുവെള്ളവുമാണ്. ഉപ്പുവെള്ളമുള്ള കിണറ്റിൽ സായിബാബ പൂക്കളെറിഞ്ഞ് ശുദ്ധജലമാക്കി മാറ്റി. എന്നാലും ഈ വെള്ളം മതിയാവാത്തതിനാൽ കുറെ ദൂരത്തുനിന്ന് തുകൽസഞ്ചികളിൽ വെള്ളം കൊണ്ടുവരാൻ തത്ത്യാപറ്റേൽ ഏർപ്പാടു ചെയ്തു. വാണിപങ്ങളും ഗുസ്തി മത്സരങ്ങളും ഏർപ്പാടു ചെയ്തു. ഗോപാൽറാവ് ഗുണ്ടിന് അഹമ്മദ് നഗറിൽ ദാമു അന്നാകാസർ എന്നുപേരായ ഒരു സുഹൃത്തുണ്ടായിരുന്നു. അയാൾക്ക് രണ്ടു ഭാര്യമാരുണ്ടായിട്ടും കുട്ടികളുണ്ടായിരുന്നില്ല. അയാൾക്കും ബാബയുടെ അനുഗ്രഹം കൊണ്ട് പുത്രന്മാരുണ്ടായതിനാൽ ഗുണ്ട് അയാളോട് എഴുന്നള്ളിപ്പിന്നു ഒരു കൊടിക്കുറ അയക്കാൻ ആവശ്യപ്പെട്ടു. കൂടാതെ നാനാസാഹെബ് നിമോങ്കാറും ചിത്രവേല ചെയ്ത കൊടിക്കൂറ അയച്ചു. ഈ രണ്ടു കൊടിക്കൂറകളും എഴുന്നള്ളിച്ച് ഗ്രാമം ചുറ്റിത്തിരിഞ്ഞു വന്ന് ദ്വാരകമായി മസ്ജിദിന്റെ രണ്ടുഭാഗത്തായി സ്ഥാപിച്ചു. ഈ ചടങ്ങ് അതേപോലെ ഇപ്പോഴും നടത്തിവരുന്നു.

## ചന്ദനക്കുടം വരവ്

ഈ ഉത്സവത്തിന് മറ്റൊരു വരവുംകൂടി തുടങ്ങിവച്ചു. ഇത് അമിർഷക്കാർദലാൽ എന്ന ഒരു മുഹമ്മദ് ഭക്തന്റെ ഉത്സാഹത്തിലാണ് തുടങ്ങിയത്. ഇത് വലിയ മുസ്ലിം സിദ്ധന്മാരെ ബഹുമാനിക്കാനുള്ള ഉത്സവമാണ്. താലങ്ങളിൽ ചന്ദനമരച്ചതും ചന്ദനപ്പൊടിയും ഇട്ട് ധൂപവും ചന്ദനത്തിരികളും കത്തിച്ച് മുന്നിൽപിടിച്ച് വാദ്യഘോഷങ്ങളോടുകൂടി ഗ്രാമത്തിൽ എഴുന്നള്ളിപ്പായി ചുറ്റി മസ്ജിദിൽ വന്ന് ചന്ദനം വേപ്പുമരത്തിന്മേലും ചുമരിന്മേലും കയ്കൊണ്ട് വാരിപൂശലാണ് ഈ ഉത്സവച്ചടങ്ങ്. ആദ്യം മൂന്നുകൊല്ലം അമീർഷക്കാർ ഇതിന് മേൽനോട്ടം നടത്തി.

പിന്നീട് അയാളുടെ ഭാര്യയാണ് അത് നടത്തിയത്. ഒരേ സമയം ഹിന്ദുക്കളുടെ കൊടികയറ്റവും മുസ്ലീംകളുടെ ചന്ദനകുടം എഴുന്നള്ളിപ്പും യാതൊരു കുഴപ്പവും കൂടാതെ ഇന്നുവരെ നടന്നുവരുന്നു.

## ഏർപ്പാടുകൾ

ഈ ദിവസം സായിബാബ ഭക്തന്മാർക്ക് വളരെ പ്രധാനമാണ്. അധികംപേരും അന്നവിടെ എത്തി ഓരോ ചുമതലകളേറ്റെടുക്കും. താത്ത്യാക്കോട്ടെ പാേൽ പുറം കാര്യങ്ങളന്വേഷിക്കും. അകത്തെ കാര്യങ്ങൾ ഭക്തയായ രാധാകൃഷ്ണമായി നോക്കിക്കൊള്ളും. അവരുടെ ഗൃഹം ഭക്തന്മാരെക്കൊണ്ട് നിറഞ്ഞിരിക്കും. ഭക്തന്മാരുടെ സൗകര്യവും ഉത്സവകാര്യങ്ങളും ആ വൃദ്ധസ്ത്രീക്ക് ഒരേ സമയം നോക്കേണ്ടിവരും. കൂടാതെ മുഴുവൻ മസ്ജിദും കഴുകി വൃത്തിയാക്കി വെള്ളംവലിക്കലും അവർ ചെയ്യിച്ചു. ധുനി കത്തുന്നതുകണ്ട് അവിടെ മുഴുവൻ പുകപിടിച്ച് കറുത്ത് കിടക്കുകയായിരുന്നു. ഇത് ബാബ ചാവടിയിൽ കിടക്കുന്ന അവസരം തലേന്ന് രാത്രിയാണ് അവർ ചെയ്യിച്ചത്. മുഴുവൻ സാധനങ്ങളും ധുനിയും എടുത്തുമാറ്റിയാണ് വൃത്തിയാക്കിയത്. അതിൽപിന്നെ എല്ലാം പൂർവ്വസ്ഥാനത്ത് വെച്ചു. സായിബാബക്ക് പ്രിയംകരമായ അന്നദാനവും പലഹാരങ്ങളും രാധാകൃഷ്ണമായിയുടെ വീട്ടിൽവെച്ചൊരുക്കും. അതിൽ വളരെ ധനികരും പ്രബലരുമായ ഭക്തന്മാർ പങ്കുകൊള്ളും.

## രാമനവമി മഹോത്സവമായി രൂപാന്തരപ്പെടുത്തിയത്

ഒരു ചെറിയ അടിയന്തരമെന്ന് നിലയിൽ തുടങ്ങിവെച്ച ഈ എഴുന്നള്ളിപ്പുകൾ 1912 - വരെ ചെറിയ തോതിൽ നടന്നു. അതിൽ പിന്നെ അതിന് മാറ്റം വന്നു. ആ കൊല്ലം സായി സഗുണോപാ





സന എന്ന ലഘുലേഖയുടെ കർത്താവായ കൃഷ്ണറാവു ജോഗേശ്വർ ഭീഷ്മ എന്നയാൾ അമരാവതിയിലുള്ള ദാദാസാഹെബ് ഖപർദ്ദിയോടുകൂടി അടിയന്തരത്തിന് വന്നു ദീക്ഷിത് വാഡയിൽ താമസിച്ചു. അവിടെ വരാന്തയിൽ കിടക്കുമ്പോൾ പൂജാ സാമഗ്രികളുമായി ലക്ഷ്മൺ റാവു എന്ന കാക്കാ മഹാജനി പോവുന്നതു കണ്ടപ്പോൾ അയാൾക്ക് ഒരാശയം മനസ്സിലുദിച്ച് അയാളെ വിളിച്ചു. ഈ അടിയന്തരം ഷിർദ്ദിയിൽ രാമനവമി ദിവസം കഴിക്കുന്നതിൽ ഒരു ദൈവ  കൽപിതമുണ്ട്. രാമനവമി ഹിന്ദുക്കൾക്ക് പ്രധാനമാണല്ലോ. അപ്പോൾ എന്തുകൊണ്ട് ഇതൊരു രാമനവമി മഹോത്സവമാക്കിക്കൂടാ! ശ്രീരാമജയന്തി ഇവിടെ കൊണ്ടാടിക്കൂടാ! കാക്കാ മഹാജനിക്കും അത് തരക്കേടില്ലെന്നു തോന്നി ബാബയുടെ അനുമതി ചോദിക്കാൻ നിശ്ചയിച്ചു. പ്രധാനമായും ഉത്സവത്തിന് കീർത്തനം പാടാൻ ഒരു ഹരിദാസിനെ കിട്ടലായിരുന്നു പ്രധാന വശം. ഭീഷ്മൻ പറഞ്ഞു. എന്റെ രാമ ആഖ്യാൻ എന്ന കവിത തയ്യാറാക്കിയിരിക്കുന്നു. ഞാൻ തന്നെ കീർത്തനം പാടാം. കാക്കാ മഹാജനി ഹാർമോണിയം വായിച്ചാൽ മതി. രാധാകൃഷ്ണമായി ഉണ്ടാക്കിയ സുന്ദവട (ചുക്ക് പൊടിച്ച് പഞ്ചസാര ചേർത്തത്) പ്രസാദമായി കൊടുക്കാനും ഏർപ്പാടു ചെയ്തു. അങ്ങിനെ അവർ ഉടനെ മസ്ജിദിലേക്ക് ബാബയുടെ അനുവാദം വാങ്ങാനായി പോയി. എല്ലാം അറിയുന്ന ബാബ എന്താണ് സത്രത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്ന് ചോദിച്ചു. അതിന്റെ ഉദ്ദേശം മനസ്സിലാവാതെ മഹാജനി മിണ്ടാതിരുന്നു. ബാബ ഉടനെ ഭീഷ്മനോട് അയാൾക്കെന്താ പറയാനുള്ളതെന്ന് ചോദിച്ചു. അയാൾ രാമനവമി മഹോത്സവമായി നടത്താനുള്ള പരിപാടി വിവരിച്ച് ബാബയുടെ അനുമതി ചോദിക്കുകയും ബാബ അനുവാദം കൊടുക്കുകയും ചെയ്തു. എല്ലാവരും സന്തുഷ്ടരായി ജയന്തി മഹോത്സവത്തിന് ഏർപ്പാട് ചെയ്തു.

അടുത്ത ദിവസം മസ്ജിദ് അലങ്കരിച്ച് രാധാകൃഷ്ണ മായി കൊടുത്ത ഒരു തൊട്ടിൽ ബാബയുടെ ഇരിപ്പിടത്തിനടുത്ത് തൂക്കി നിർത്തി പരിപാടി തുടങ്ങി. ഭീഷ്മൻ കീർത്തനത്തിന്നും മഹാജനി ഹാർമ്മോണിയം വായനക്കും എഴുന്നേറ്റു നിന്നു. സായിബാബ മഹാജനിയെ വിളിക്കാൻ ആളയച്ചു. അയാൾ സംശ യിച്ചു നിന്നു. ബാബ എല്ലാം മുടക്കിയാലോ എന്ന്. പക്ഷെ ബാബ യുടെ അടുക്കൽ ചെന്നപ്പോൾ എന്തെല്ലാമാണ് നടക്കുന്നത്, എന്തിനാണ് ഈ തൊട്ടിൽ എന്നു ചോദിച്ചു. മഹാജനി, അത് രാമനവമി മഹോത്സവം തുടങ്ങിയതാണെന്നും തൊട്ടിൽ അതിന് തൂക്കിയതാണെന്നും പറഞ്ഞു. ഉടനെ ബാബ ഒരു മാലയെടുത്ത് മഹാജനിക്കണിയിക്കുകയും ഭീഷ്മന് അണിയാൻ മറ്റൊരു മാല കൊടുത്തയക്കുകയും ചെയ്തു. അതോടുകൂടി കീർത്തനവും തുട ങ്ങി, അതിന്റെ അവസാനം ശ്രീരാം കീ ജയ് എന്നഭിവാദനം ചെയ്ത് സിന്ദൂരം നാലുഭാഗത്തേക്കും വാരി എറിഞ്ഞു. എല്ലാ വരും പരമസന്തുഷ്ടരായിരിക്കെ പെട്ടെന്ന് ഒരലർച്ച കേട്ടു. തീരെ ശ്രദ്ധയില്ലാതെ വാരിവലിച്ച് എറിഞ്ഞ കുങ്കുമം ബാബയുടെ കണ്ണിൽ പോയിരുന്നു. ബാബക്ക് കോപം വന്ന് എല്ലാവരെയും അത്യുച്ചത്തിൽ ചീത്ത പറയുകയായിരുന്നു. ജനങ്ങൾ ഇത് കണ്ട് ഭയപ്പെട്ട് നാലുഭാഗത്തേക്കും ഓടി. ബാബയുടെ അടുത്ത ഭക്ത ന്മാർ ഈ കോപവും ശകാരവും, അനുഗ്രഹമായിക്കരുതി. അവ രുടെ അഭിപ്രായത്തിൽ രാമൻ ജനിച്ചപ്പോൾ രാവണ നിഗ്രഹത്തി നുള്ള കോപം ബാബ കാണിച്ചതാണെന്നും അത് അഹംഭാവം മുതലായത് നശിപ്പാക്കാനുള്ള ഉപാധിയായി കാണേണ്ടതാണെ ന്നുമാണ് കൂടാതെ പുതുതായി എന്തു ഷിർദ്ദിയിൽ തുടങ്ങി യാലും ബാബ കോപിക്കലുള്ളതുകൊണ്ട് അവർ ശാന്തരായി രുന്നു. രാധാകൃഷ്ണാമായിക്ക് ബാബ തൊട്ടിൽ പൊളിച്ചു കള യുമോ എന്നായിരുന്നു ഭയം. അതുകൊണ്ട് മഹാജനിയോട്

തൊട്ടിൽ  മെല്ലെ നീക്കം ചെയ്യാൻ പറഞ്ഞു. ബാബ അയാളോട് അനക്കിപ്പോവരുതെന്ന് കൽപിച്ചു. പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ മഹാജനി തൊട്ടിൽ നീക്കം ചെയ്യാൻ ബാബ യോട് അനുവാദം ചോദിച്ചപ്പോൾ ഉത്സവം കഴിഞ്ഞിട്ടില്ലെന്നും തൊട്ടിൽ നീക്കാൻ പാടില്ലെന്നും പറഞ്ഞു. അടുത്ത ദിവസം മറ്റൊരു കീർത്തനവും ഗോപാലകലാ എന്ന ചടങ്ങും നടത്തി ക്കഴിഞ്ഞാൽ തൊട്ടിൽ നീക്കിക്കൊള്ളാൻ പറഞ്ഞു. (ഗോപാല കലാ എന്നാൽ തൈരും ചോറും കലർത്തി കലത്തിലാക്കി ഉറി യിൽ തൂക്കി കീർത്തനാവസാനം കലം പൊളിച്ച് കൃഷ്ണൻ ചെയ്തതുപോലെ എല്ലാവരുംകൂടി പ്രസാദം എടുക്കലാണ്). രാമ നവമി മഹോത്സവം ഇങ്ങനെ നടക്കുമ്പോൾ കൊടികയറ്റ ഉത്സ വവും ചന്ദനയെഴുന്നള്ളിപ്പും യഥാവിധി  നടക്കുകയും ചെയ്തു. ഇതുമുതൽ ബാബയുടെ ഉറൂസ് രാമനവമി മഹോത്സവമായി മാറി.

അടുത്തവർഷം മുതൽ (1913) പരിപാടികൾ ഓരോന്നായി വർദ്ധിച്ചു തുടങ്ങി. രാധാകൃഷ്ണമായി ചൈത്രം 1-ാം തീയതി മുതൽ നാമസപ്താഹം തുടങ്ങി. ഇതിൽ എല്ലാ ഭക്തന്മാരും ഊഴമിട്ട് പങ്കുകൊണ്ടു. രാമനവമി പലയിടത്തും നടക്കുന്നതു കൊണ്ട് കീർത്തനം ചൊല്ലാനുള്ള ഹരിദാസിനെ കിട്ടാൻ അഞ്ചാറു ദിവസം മുമ്പ് മുതലെ വിഷമം കണ്ട് തുടങ്ങി. അക്കൊല്ലം അഭിനവ തുക്കാറാം എന്ന പേരിലറിയപ്പെടുന്ന ബാലാ ബുവമാലിയെ ഭീഷ്മൻ യദൃച്ഛയാ കാണുകയും അക്കുറി അയാൾ ഹരിദാസാവുകയും ചെയ്തു. അടുത്ത വർഷം സറ്റാറാ ജില്ലയിലെ ബ്രിഹദ് സിദ്ധകാവടെ എന്ന സ്ഥലത്ത് പ്ലേഗ് കാരണം അവിടുത്തെ ഹരിദാസായ ബാലബുവസതാർക്കർ ഷിർദ്ദിയിൽ വന്ന് കീർത്തനം പാടി. പിന്നീട് കൊല്ലംതോറും ഹരിദാസിനേ

കിട്ടേണ്ട പ്രശ്നം 1914-ൽ സായി ബാബ പരിഹരിക്കുകയും ദാസ്ഗനു മഹാരാജിനെ സ്ഥിരം കീർത്തനം പാടാനുള്ള ചുമതല ഏൽപ്പിക്കുകയും ചെയ്തു. അദ്ദേഹം ഇന്നും അത് നിർവ്വഹിക്കുന്നു.

1912-മുതൽ മഹോത്സവം കൊല്ലം തോറും വളർന്നു കൊണ്ടേ ഇരുന്നു. ചൈത്രം 8-ാം തീയതി മുതൽ 12-ാം തീയതി വരെ ഷിർദ്ദി ഒരു തേനീച്ചകൂടുപോലെ പുരുഷാരംകൊണ്ട് നിറയും. വാണിഭക്കാർ വർദ്ധിച്ചുവന്നു. പ്രശസ്ത ഗുസ്തിക്കാർ ഗുസ്തിമത്സരത്തിനുവന്നു. അന്നദാനം ഗംഭീരമായി നടക്കാൻ തുടങ്ങി. രാധാകൃഷ്ണമായിയുടെ അദ്ധ്വാനംകൊണ്ട് ഷിർദ്ദി ഒരു സംസ്ഥാനംപോലെ ആയി മാറി. ചടങ്ങുകൾ വർദ്ധിച്ചു. നല്ല ഒരു കുതിര, രഥം, പലതരം വെള്ളിപാത്രങ്ങൾ, ചെമ്പുകൾ, ബക്കറ്റുകൾ, പടങ്ങൾ, കണ്ണാടി മുതലായി പലതും സംഭാവനയായി വന്നു. ആന എഴുന്നള്ളിപ്പും തുടങ്ങി. ഈ വക ചടങ്ങുകളും സാമഗ്രികളും വർദ്ധിച്ചിട്ടും സായിബാബ ഇതെല്ലാം അവഗണിച്ചു സാധാരണപോലെ യാതൊരു പതർച്ചയുമില്ലാതെ ഇരുന്നു. ഇതിനെല്ലാം ഹിന്ദുക്കളും മുസ്ലീംകളും തോളോടുതോൾ ചേർന്ന് അദ്ധ്വാനിക്കുകയും യാതൊരു കലഹങ്ങളും കൂടാതെ കാര്യങ്ങൾ ഭംഗിയായി നടത്തുകയും ചെയ്തു. ആദ്യം 5000 മുതൽ 7000 വരെ ആളുകൾ വന്നിരുന്നത് 75000 വരെ വർദ്ധിച്ചു. എന്നാലും വല്ല പകർച്ചവ്യാധിയോ കലാപമോ ഒരിക്കലും ഒരു കാലത്തും ഉണ്ടായിട്ടില്ല.

## മസ്ജിദിന്റെ അറ്റകുറ്റപ്പണികൾ

ഗോപാൽഗുണ്ടിന് മറ്റൊരുആദർശംകൂടി ഉണ്ടായി. ഉത്സവം തുടങ്ങി വെച്ച പോലെ മസ്ജിദിന്റെയും കേടു തീർക്കണമെന്നാ

യിരുന്നു അത്. അതിന്നുവേണ്ട കല്ലുവാങ്ങി ചെത്തി വെപ്പിച്ചു. പക്ഷെ ഈ ജോലി അയാൾക്ക് നിശ്ചയിച്ചതായിരുന്നില്ല. ഇത് നാനാസാഹെബ് ചന്ദോർക്കറിന്നും നിലം പണി കാക്കാസാ ഹെബ് ദീക്ഷിത്തിന്നും നിയോഗിച്ചതായിരുന്നു. ആദ്യം ബാബ യാതൊന്നിനും സമ്മതിച്ചില്ലെങ്കിലും മഹൽസ്പതി ഇടപെട്ട് ഒരുമാതിരി സമ്മതിപ്പിച്ചു. നിലംപണി കഴിഞ്ഞപ്പോൾ ഒരു രാത്രി സാധാരണ ചാക്കുകഷണം ഉപേക്ഷിച്ച് ബാബ ഒരു ചെറിയ ആസനത്തിൽ ഇരുന്നു. 1911-ൽ മുറ്റം വിശാലമായി കുറെ പണവും അദ്ധ്വാനവും ചിലവ് ചെയ്ത് നന്നാക്കി. മസ്ജിദിന്റെ മുന്നിലെ തുറന്ന സ്ഥലം വളരെ ചെറുതായിരുന്നു. കാക്കാസാ ഹേബ് ദീക്ഷിതിന്ന് അവിടെ ഒരു മേല്പ്പുരയുണ്ടാക്കണമെന്ന് തോന്നി. വലിയ സംഖ്യ ചിലവാക്കി ഇരുമ്പുതുലാങ്ങളും മറ്റും വരുത്തി പണി തുടങ്ങി. രാത്രി എല്ലാ ഭക്തന്മാരുടെ അശ്രാന്ത പരിശ്രമം ചെയ്ത് പണി എടുത്തു തൂണുകളും മറ്റും നാട്ടും. പക്ഷെ രാവിലെ ബാബ ചാവടിയിൽനിന്നും എത്തിയാൽ അവ യെല്ലാം പൊഴക്കി എടുത്ത് വലിച്ചെറിയും. ഒരിക്കൽ ബാബ കോപിച്ച് ഒരു തൂണ് ഒരു കൈകൊണ്ട് പിടിച്ച് കുലുക്കിക്കുലുക്കി പൊഴക്കാൻ തുടങ്ങുകയും മറ്റെ കൈകൊണ്ട് താത്ത്യാ പാേ ലിന്റെ കുഴുത്തിൽ പിടിച്ച് അമർത്തുകയും ചെയ്തു. അങ്ങിനെ ബലമായി താത്ത്യായുടെ തലേക്കെട്ടു തട്ടി എടുത്ത് തീപ്പെട്ടിയു രച്ച് കത്തിച്ച് ഒരു കുഴിയിലിട്ടു. അന്നേരം ബാബയുടെ കണ്ണു കൾ തീക്കട്ടപോലെ മിന്നിയിരുന്നു. ഒരാൾക്കും മുഖത്തു നോക്കാൻ ധൈര്യം വന്നില്ല. എല്ലാവരും അത്യധികം ഭയപ്പെട്ടി രുന്നു. താത്ത്യക്ക് എന്ത് പറ്റുമെന്ന് ആർക്കും പറയാൻ കഴി ഞ്ഞില്ല. ബാബ പോക്കറ്റിൽ നിന്നും ഒരു ഉറുപ്പിക എടുത്തു അവിടെ ഒരു കാണിക്കപോലെ വലിച്ചെറിഞ്ഞു. താത്ത്യക്കും ഭയങ്കരമായി പേടി തോന്നി. ആർക്കും ഇടപെടാൻ ധൈര്യം വന്നി

ല്ല. ഒടുവിൽ ഭാഗോജിഷിണ്ടെ എന്ന കുഷ്ഠരോഗിയായ ബാബാ ഭക്തൻ മുന്നോട്ടു ചെല്ലാൻ നോക്കിയപ്പോൾ ബാബ തള്ളി പുറത്താക്കി. ഇഷ്ടിക കഷണങ്ങൾ കൊണ്ടെറിഞ്ഞു ഇടപെടാൻ ആരു പോയാലും അവരെ ഇതുപോലെ ചെയ്തു. കുറച്ചു സമയം കഴിഞ്ഞ് ബാബയുടെ കോപം അടങ്ങി. ബാബ ഒരു പീടികക്കാരനെ വരുത്തി നല്ല തുന്നൽപണിയുള്ള തലപ്പാവു വരുത്തി സ്വന്തം കയ്കൊണ്ട് താത്ത്യായുടെ തലയിൽ അയാളെ ബഹുമാനിക്കാനെന്നപോലെ കെട്ടികൊടുത്തു. ബാബയുടെ ഇത്തരം പെരുമാറ്റം കണ്ട് എല്ലാവരും അതിശയിച്ചു. എന്താണ് ബാബ കോപിച്ച് താത്ത്യായുടെ കഴുത്തിൽ പിടിച്ചതെന്നും പിന്നെ കോപം മാറി ഇങ്ങനെ പെരുമാറിയതെന്തെന്നും ആർക്കും മനസ്സിലായില്ല. ഇടക്കു ബാബ ശാന്തനായി മധുരമായി സംസാരിക്കും. പെട്ടെന്ന് കാരണമായോ അകാരണമായോ കോപിഷ്ഠനാവും. പല സംഭവങ്ങളും പറയാനുണ്ട്. ഏതാണ് പറയേണ്ടത് ഏതാണ് വേണ്ടന്ന് വെക്കേണ്ടത് എന്നും എനിക്ക് നിശ്ചയമില്ല. അതുകൊണ്ട് ഓർമ്മവരുന്നതു പറയാം.

അടുത്ത അദ്ധ്യായത്തിൽ ബാബ ഹിന്ദുവോ മുഹമ്മദീയനോ എന്നും ബാബയുടെ യോഗസാധനകളും ശക്തികളും മറ്റു കാര്യങ്ങളും പ്രതിപാദിക്കാം.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !